# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4963** | **14.11.2019**-ൽ മറുപടിയ്ക്ക്

## എൻ.പി.ഒ.എൽ. ന്റെ ചുറ്റിലും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം

ചോദ്യം :

ശ്രീ.പി.ടി. തോമസ്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃക്കാക്കരയിലുള്ള നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി (എൻ.പി.ഒ.എൽ) ന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഇന്ത്യാ ഗവൺമെന്റിന്റെ 19.02.2010 തീയതിയിലെ SRO-11 പ്രകാരമുള്ള ഗസറ്റ് പരസ്യം, 07.03.2010 മുതൽ 13.03.2010 വരെയുള്ള ഗസറ്റ് ഓഫ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചിരുന്നതും ടി ഗസറ്റ് പരസ്യത്തിൽ വർക്ക്സ് ഓഫ് ഡിഫൻസ് ആക്ട് 1903 (7 of 1903) പ്രകാരം എൻ.പി.ഒ.എൽ തൃക്കാക്കര.പി.ഒ, കൊച്ചിയുടെ അതിരിനോട് ചേർന്ന് കിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും, എറണാകുളം ജില്ലാ കളക്ടർ ഇപ്രകാരമുള്ള സ്കെച്ച് പ്ലാൻ അനുസരിച്ച് സ്ഥലം പരിശോധിക്കണമെന്നും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലും നിയന്ത്രിത മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് NOC നൽകുന്നതുമായി ബന്ധപ്പെട്ട് 04.06.2018 തീയതിയിൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രതിരോധമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും തൃക്കാക്കരയിലുള്ള നേവൽ ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടറിയുടെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന 25 മീറ്റർ ചുറ്റളവിൽ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | കൈവശമുണ്ടായിരുന്ന ഭൂമിയുടെ ഭൂരിഭാഗവും എൻ.പി.ഒ.എൽ. ന് വിട്ടുകൊടുത്തതിനു ശേഷം ബാക്കിയുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളത് ഇവിടത്തെ ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ